DESPATCHED
No. 3/18/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1059(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8799/*എസ്.ഐ.സി-ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 29.08.2022

ശ്രീ.ഷംനാദ് പി.,
അൽ സാമിൽ,
താഴെപിലാക്കൽ ഹൗസ്,
ഇരുവല്ലൂർ പോസ്റ്റ്,
കോഴിക്കോട് – 673 616.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്,
   കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ,
   തേഞ്ഞിപ്പാലം, കോഴിക്കോട്.
2. അപ്പീൽ അധികാരി &
   രജിസ്ട്രാർ,
   കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ,
   തേഞ്ഞിപ്പാലം, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/05/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04/08/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09/08/2021 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ ഇരുവല്ലൂർ, താഴെപിലാക്കൽ, അൽ സാമിൽ ശ്രീ. ഷംനാദ് പി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ എസ്.പി.ഐ.ഒ യ്ക്ക്

സമർപ്പിച്ച അപേക്ഷയിൽ 31.12.2019 ലെ വിജ്ഞാപന പ്രകാരം കാലിക്കറ്റ് സർവ്വകലാശാല ബോട്ടണി പഠന വിഭാഗത്തിലേയ്ക്ക് നടന്ന അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിന് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചത്. കമ്മീഷൻ 20.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2) ഹർജിക്കാരൻ 19.04.2021 ൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 19.05.2021 ലെ മറുപടി കത്തിൽ നൽകിയിട്ടുണ്ടെന്ന് 20.08.2022 ലെ ഹിയറിംഗിൽ അപ്പീൽ അധികാരിയായ രജിസ്ട്രാർ നേരിട്ട് ഹാജരായി ബോധിപ്പിച്ചു. അപേക്ഷകൻ ഹിയറിംഗിൽ ഹാജരായില്ല. ഈ സാഹചര്യത്തിൽ മറുപടിയുടെ ഒരു പകർപ്പ് കൂടി അപേക്ഷകന് ലഭ്യമാക്കണമെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി, ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 29-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*

RIGHT TO INFORMATION